ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

നം.എ.സി.ഡി.ബി.1/3543/എച്ച്.എസ്.ഇ/2012 തീയതി : 13/03/2012

# സർക്കുലർ

കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം, ജപ്പാൻജ്വരം ബാധിച്ച പ്രദേശങ്ങളിൽ ശുചിത്വപരിപാലനവുമായി ബന്ധപ്പെട്ട് ജനങ്ങളെ/വിദ്യാർത്ഥികളെ ബോധവൽക്കരിക്കേണ്ട പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

1. നന്നായി തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാനുള്ള ശീലം വളർത്തിയെടുക്കുക.
2. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക.

   **ഉദാ:** പട്ടി, പൂച്ച, കാക്ക, മുതലായവ കുളിച്ചതോ ഉപയോഗിച്ചതോ ആയ ജലം ഉപയോഗിക്കാതിരിക്കുക.
3. എല്ലാ കുടിവെള്ള സ്രോതസ്സുകളും ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കുക.
4. കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ കൈകാലുകൾ മുഖം എന്നിവ കഴുകാതിരിക്കുക.
5. വളർത്തുമൃഗങ്ങൾ പ്രവേശിച്ച ജലം മലിനമാണെന്ന് കരുതുക.
6. ടോയ്ലറ്റ് ഉപയോഗശേഷം ഏതെങ്കിലും സോല്യൂഷൻ ഉപയോഗിച്ച് വൃത്തിയാക്കുക.
7. ടോയ്ലറ്റിൽ ആവശ്യമായ വെന്റിലേഷൻ ഒരുക്കുക.
8. ടോയ്ലറ്റിൽ പോയതിനുശേഷം കൈയ്യും, വായയും നന്നായി വൃത്തിയാക്കുക.
9. ഉപയോഗത്തിനുശേഷം ആവശ്യത്തിന് വെള്ളം ഉപയോഗിച്ച് ടോയ്ലറ്റ് വൃത്തിയാക്കണം.
10. ടോയ്ലറ്റിൽ വാഷ്ബേസിൻ, കണ്ണാടി എന്നിവ ഉണ്ടായിരിക്കണം.

**ഒപ്പ്/-**
**ഡയറക്ടർ**

S